## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്:-ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-സോഷ്യൽ ഓഡിറ്റ് ചെലവിന് ഒരു വാർഡിൽ ഒരു വർഷം 3,250/- രൂപയിൽ അധികരിക്കാത്ത തുക പഞ്ചായത്ത് ഫണ്ടിൽ നിന്നും ചെലവഴിക്കാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

**സ.ഉ.(സാധാ)നം.1653/2009/തസ്വഭവ** **തിരുവനന്തപുരം, തീയതി, 6/7/2009**

---

പരാമർശം:-1.കേന്ദ്ര സർക്കാരിന്റെ 19-6-09-ലെ ജെ.16012/1/09/-എൻ.ആർ.ഇ.ജി.എ. നമ്പർ കത്ത്.

2. ഗ്രാമവികസന കമ്മീഷണറുടെ 29-6-09-ലെ 17547/എൻ.ആർ.ഇ.ജി. സെൽ/09/സി.ആർ.ഡി. നമ്പർ കുറിപ്പ്.

## ഉത്തരവ്

ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുടെ സോഷ്യൽ ഓഡിറ്റ് സമയബന്ധിതമായി പൂർത്തിയാക്കാൻ കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിന് പരാമർശം ഒന്ന് കത്തിലൂടെ നിർദ്ദേശം നൽകിയിരുന്നു.

(2) തൊഴിലുറപ്പ് നിയമത്തിന്റെ 17-ാം വകുപ്പനുസരിച്ച് ഗ്രാമസഭയാണ് സോഷ്യൽ ഓഡിറ്റ് ഫോറമെന്നും, പ്രവർത്തന മാർഗ്ഗ നിർദ്ദേശ പ്രകാരം ഒരു വർഷം രണ്ട് സോഷ്യൽ ഓഡിറ്റ് നടത്തണമെന്നുമാണ് വിവക്ഷ. സോഷ്യൽ ഓഡിറ്റ് കാര്യക്ഷമമായി സംഘടിപ്പിക്കാൻ ഒരു 12 അംഗ ടീമിനെ നിശ്ചയിക്കുക, പരിശീലനം നൽകുക, വിവരങ്ങൾ ശേഖരിക്കുക, പ്രവൃത്തി സ്ഥലങ്ങൾ സന്ദർശിക്കുക, റിപ്പോർട്ട് തയ്യാറാക്കി അച്ചടിച്ച് വിതരണം നടത്തുക എന്നീ പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടി വരുമെന്നും പഞ്ചായത്തിൽ നിന്നും ഇതിന് തുക ചെലവാക്കേണ്ടതിനാൽ ഇതിനായി മിനിമം ചെലവ് അനുവദിച്ചുതരണമെന്നും പഞ്ചായത്തുകൾ ആവശ്യപ്പെട്ടിട്ടുണ്ടെന്നും അപ്രകാരം താഴെ പറയുന്ന തുക ഒരു വർഷം ഒരു വാർഡിൽ ചെലവാകുമെന്ന് കണക്കാക്കുന്നതായും പരാമർശം 2 കുറിപ്പിലൂടെ ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

| ക്രമ നമ്പർ | ഇനം | ചെലവ് (രൂപ) |
| --- | --- | --- |
| 1. | സോഷ്യൽ ഓഡിറ്റ് ടീമിനുള്ള പരിശീലനം-ടീം അംഗങ്ങൾക്കുള്ള ഭക്ഷണം, റ്റി.എ. പരിശീലകന്റെ ഓണറേറിയം, സ്റ്റഡി മെറ്റീരിയൽ എന്നീ ചെലവുകൾക്ക്. | 800.00 |

| | | |
|---|---|---|
| 2. | സോഷ്യൽ ഓഡിറ്റ് കരട് റിപ്പോർട്ട് തയ്യാറാക്കുന്നതിന്റെ ഭാഗമായി പ്രവർത്തി സ്ഥല പരിശോധന, രേഖകളുടെ പരിശോധന, ബാങ്ക് സന്ദർശനം, ടീം അംഗങ്ങളുടെ 7 ദിവസത്തെ ഭക്ഷണം, യാത്രാ ചെലവ്. | 2,000.00 |
| 3. | ഗ്രാമസഭയിൽ പങ്കെടുക്കുന്ന ശരാശരി 250 പേർക്ക് റിപ്പോർട്ടിന്റെ കോപ്പി നൽകുന്നതിന് വരുന്ന ചെലവ്(ഒരു കോപ്പിക്ക് 10 രൂപ തോതിൽ) | 2,500.00 |
| 4. | സ്റ്റേഷനറി & ഫോട്ടോസ്റ്റാറ്റ് | 200.00 |
| 5. | ഗ്രാമസഭ പ്രചരണത്തിന് ബാനർ, നോട്ടീസ് | 500.00 |
| 6. | മൈക്ക് | 500.00 |
| | ആകെ | 6,500.00 |

ആകെ വേണ്ടി വരുന്ന ചെലവിന്റെ 50% സന്നദ്ധ പ്രവർത്തനത്തിലൂടെയും സംഭാവനയായും സമാഹരിക്കേണ്ടതും അത്തരത്തിൽ ഒരു വാർഡിൽ ഒരു വർഷം 3,250/- രൂപ (മൂവായിരത്തി ഇരുനൂറ്റി അൻപതു രൂപ) യിൽ അധികരിക്കാത്ത തുക തൊഴിലുറപ്പ് പദ്ധതിയുടെ സോഷ്യൽ ഓഡിറ്റിന് പഞ്ചായത്ത് ഫണ്ടിൽ നിന്നും ചെലവഴിക്കാൻ അനുമതി നൽകാവുന്നതാണെന്ന് ഗ്രാമവികസന കമ്മീഷണർ അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും, ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുടെ സോഷ്യൽ ഓഡിറ്റിന് ഗ്രാമവികസന കമ്മീഷണർ ശുപാർശ ചെയ്ത പ്രകാരം ഒരു വർഷം ഒരു വാർഡിന് 3,250/- രൂപ(മൂവായിരത്തി ഇരുനൂറ്റി അൻപതു രൂപ) യിൽ അധികരിക്കാത്ത തുക പഞ്ചായത്ത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
എം.ഉണ്ണികൃഷ്ണൻ,
അഡീഷണൽ സെക്രട്ടറി

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
2. മിഷൻ ഡയറക്ടർ, എൻ.ആർ.ഇ.ജി.എ.
3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
4. എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡണ്ട്/സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
5. എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട്/സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
6. എല്ലാ ജില്ലാകളക്ടർ/ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്റർമാർക്കും.
7. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
8. കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ